(സി) ഇല്ല.

(ഡി) മേൽപ്പറഞ്ഞ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ തർക്കകേസുകൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളൂ.

മാനന്തവാടി താലൂക്കിലെ കാഞ്ഞിരങ്ങാട് വില്ലേജിലെ 238/1 സർവെ നമ്പരിൽപ്പെടുന്ന ഭൂമി

174. [943] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ കാഞ്ഞിരങ്ങാട് വില്ലേജിന്റെ പരിധിയിൽ വരുന്ന 238/1 സർവെ നമ്പരിൽപ്പെടുന്ന ഭൂമിയിൽ കാഞ്ഞിരത്തിനാൽ ജോർജിന്റെ ഉടമസ്ഥതയിൽ ഭൂമിയുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയുടെ നികുതി ഏത് വർഷംവരെയുള്ളത് സ്വീകരിച്ചിട്ടുണ്ട് ;

(സി) നികുതി സ്വീകരിക്കുന്നതിന് ഏതെങ്കിലും രീതിയിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഡി) എങ്കിൽ തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വ്യക്തിയുടെ ഭൂമിയുടെ ചുറ്റുപാടുമുള്ള സ്ഥലം ആരുടെയെല്ലാം ഉടമസ്ഥതയിലാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

വെള്ളായണി കായലിന്റെ വിസ്തൃതി

175. [944] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായലിന്റെ ഇപ്പോഴത്തെ വിസ്തൃതി എത്രയാണ് ; തിരുവിതാംകൂർ രാജകുടുംബത്തിൽ നിന്നും, പ്രസ്തുത കായൽ സർക്കാരിനു ലഭിക്കുമ്പോൾ വിസ്തൃതി എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) വെള്ളായണി കാർഷിക കോളേജിന്റെ അധീനതയിലുള്ള കായലിന്റെ വിസ്തൃതി എത്രയാണെന്നും, സർക്കാർ വക എത്രയാണെന്നും, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളത് എത്രയാണെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ കായൽ ഭൂമി മേൽ പ്രദേശത്ത് സ്വകാര്യ വ്യക്തികൾ നികത്തിയെടുത്തുവെന്നും, അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ചുവരുന്നു.

പെരുങ്കടവിള മേഖലയിലെ പുറമ്പോക്കു ഭൂമിയിലുള്ള പാറ പൊട്ടിക്കൽ

176. [945] ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. എ. കെ. മണി :
പ്രൊഫസർ കെ. വി. തോമസ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുങ്കടവിള മേഖലയിൽ പുറമ്പോക്കുഭൂമിയിലുള്ള പാറ പൊട്ടിക്കുന്നതിന് എത്ര കമ്പനിക്കാർക്കും ആളുകൾക്കും ലൈസൻസ് കൊടുത്തിട്ടുണ്ട് ;

(ബി) അവിടെ നിന്ന് യഥാർത്ഥത്തിൽ എത്ര കമ്പനിക്കാരും ആളുകളും പാറ പൊട്ടിക്കുന്നുണ്ട് ;

(സി) ഇതുവരെ എത്ര ഹെക്ടർ സ്ഥലത്ത് എത്ര ടൺ പാറ പൊട്ടിച്ചിട്ടുണ്ട് ;

(ഡി) പാറ ഖനനം അവിടുത്തെ പരിസ്ഥിതിയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) പെരുങ്കടവിള മേഖലയിൽ സർക്കാർ പുറമ്പോക്കിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ എൻ. ഒ. സി. യുടെ അടിസ്ഥാനത്തിൽ മെ. ട്രോപ്പിക്കൽ ഗ്രാനൈറ്റ് കമ്പനിക്കു മാത്രം 17-5-1996 മുതൽ 10 വർഷ കാലാവധിക്കു ക്വാറീയിംഗ് ലീസ് മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ അനുവദിച്ചിട്ടുണ്ട്.

(ബി) ട്രോപ്പിക്കൽ ഗ്രാനൈറ്റ് കമ്പനി ഉൾപ്പെടെ 5 കമ്പനികൾ മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ ക്വാറീയിംഗ് ലീസിന്റെ അടിസ്ഥാനത്തിൽ ഗ്രാനൈറ്റ് ഡയമൻഷൻ സ്റ്റോൺ ഖനനം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly